## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2596** **06.02.2018-ൽ മറുപടിയ്ക്ക്**

**ഗോത്രജീവിക പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.ആർ. രാജേഷ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി വിദ്യാഭ്യാസം, ഭവനം, ഭൂമി, തൊഴിൽ, ആരോഗ്യം, അടിസ്ഥാന സൗകര്യം വികസനം എന്നീ മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• സങ്കേതങ്ങളിൽ പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ സാമൂഹിക പഠനമുറി<br>• ഗോത്രഭാഷ അറിയാവുന്ന അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്ന ഗോത്രബന്ധു പദ്ധതി<br>• അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം<br>• ഗോത്ര വാത്സല്യനിധി ഇൻഷുറൻസ് പദ്ധതി<br>• സമഗ്ര ആരോഗ്യ പദ്ധതി<br>• പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ സഹായ പദ്ധതി<br>• പോഷകാഹാരകുറവ് പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൻ |

| | | | |
|---|---|---|---|
| | | | പദ്ധതി<br>• ഭവന രഹിതർക്ക് ഭവന നിർമ്മാണ പദ്ധതി<br>• പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ് പദ്ധതികൾ<br>• ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി<br>• സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി<br>• സമ്പൂർണ്ണ കുടിവെള്ള പദ്ധതി<br>• ജീവനോപാധി പ്രവർത്തനങ്ങൾ / സ്വയം തൊഴിൽ പദ്ധതികൾ<br>• അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി<br>• പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിന് ഗോത്രസാരഥി പദ്ധതി<br>• വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുക, കൊഴിഞ്ഞു പോക്ക് തടയുക, ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുക, എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് സാമൂഹ്യ പഠനമുറി, ഗോത്രബന്ധു പദ്ധതികൾ<br>• പട്ടികവർഗ്ഗ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി ഗോത്രവാത്സല്യ നിധി പദ്ധതി<br>• തൊഴിലവസരം സൃഷ്ടിക്കുന്നതിനായി വിവിധ നൈപുണ്യ വികസന പരിശീലനം<br>• പി.കെ. കാളൻ കുടുംബ ക്ഷേമ പദ്ധതി |
| ബി) | ഇവരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഗോത്രജീവിക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | ബി) | പട്ടികവർഗ്ഗക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഗോത്ര ജീവിക പദ്ധതി നടപ്പാലാക്കിവരുന്നു. |

| | | | |
|---|---|---|---|
| | | | 2016-17 സാമ്പത്തിക വർഷം മുതൽ ഗോത്ര ജീവിക എന്ന പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽരഹിതരായ 1170 പേരെ അഭിമുഖത്തിലൂടെ കണ്ടെത്തി അവർക്ക് കെട്ടിട നിർമ്മാണ അനുബന്ധമേഖലയിൽ പരിശീലനം നൽകി വരുന്നു. കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, ആയത് പ്രവർത്തന ക്ഷമമാക്കുന്നതിനുമുള്ള സഹായം നൽകുന്നതിനായി 3.34 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് സൊസൈറ്റികൾ, വ്യക്തിഗത യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | പ്രസ്തുത വിഭാഗക്കാരുടെ തൊഴിൽ തത്പരത വർദ്ധിപ്പിക്കുന്നതിനും അവർക്ക് അനുയോജ്യമായ സ്വയം തൊഴിൽ പരിശീലനങ്ങൾ നൽകുന്നതിനും എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) | പ്രസ്തുത വിഭാഗക്കാർക്ക് തൊഴിൽ തൽപരത വർദ്ധിപ്പിക്കുന്നതിനും അവർക്കനുയോജ്യമായ സ്വയം തൊഴിൽ പരിശീലനങ്ങൾ നൽകുന്നതിനുമായി പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം പദ്ധതി നിലവിലുണ്ട്.<br>• നിശ്ചിത കോഴ്സുകളിൽ അടിസ്ഥാന വിദ്യാഭ്യാസം കൈവരിക്കുന്നതുകൊണ്ട് മാത്രം പട്ടികവർഗ്ഗക്കാർക്ക് ജോലി ലഭിക്കുന്നതിനുള്ള സാധ്യത കുറവാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് വകുപ്പ് കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽ നൈപുണ്യപരിശീലന കേന്ദ്രങ്ങളുമായി സഹകരിച്ച് വിദഗ്ദ്ധ പരിശീലനം നൽകി സംസ്ഥാനത്തിനകത്തും പുറത്തും ജോലി ഉറപ്പാക്കുന്ന പരിപാടികളാണ് സംഘടിപ്പിച്ച് വരുന്നത്. പ്രസ്തുത പരിപാടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>• വകുപ്പിന് കീഴിലുള്ള പരിശീലന കേ ന്ദ്രങ്ങൾ ഐ.ടി.ഐ. എന്നിവ വഴിയും |

| | | | |
|---|---|---|---|
| | | | സർക്കാർ ഇതര സ്ഥാപനങ്ങൾ വഴിയും തൊഴിൽ നൈപുണ്യ വികസനം ഉറപ്പാക്കിവരുന്നു.<br>• 2016-17 വർഷം മുതൽ ഗോത്രജീവിക എന്ന പദ്ധതി പ്രകാരം 1170 തൊഴിൽ രഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള സഹായം നൽകുന്നതിനായി 3.34 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.<br>• ഡെസ്ക്ടോപ്പ് എഞ്ചിനിയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് തുടങ്ങിയ ഐ.റ്റി. മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് 3.08 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. 240 കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.<br>• പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിന് 2.67 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിലൂടെ 250 വനിതകൾക്ക് 6 മാസത്തെ പരിശീലനം നൽകി, തൊഴിൽ ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിടുന്നു.<br>• കൂടാതെ താഴെപ്പറയുന്ന |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലെയിസ്മെന്റ് ഉറപ്പുവരുത്തുന്നു.<br>1. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) മുഖേന 351 പേർക്ക് വിവിധ സാങ്കേതിക വിഷയങ്ങളിൽ പരിശീലനം നൽകി പ്ലെയ്സ്മെന്റ് ഉറപ്പു വരുത്തി.<br>2. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST) മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ 50 പേർക്ക് പരിശീലനത്തിലൂടെ പ്ലെയ്സ്മെന്റ് ഉറപ്പു വരുത്തി.<br>3. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ECIL) മുഖേന അട്ടപ്പാടിയിൽ ഡി.സി.എ. കോഴ്സ് പരിശീലനം നൽകി 21 പേർക്ക് പ്ലെയ്സ്മെന്റ് ലഭ്യമാക്കി.<br>4. എത്തിയോസ് (Atheos) എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിൽ 125 പേർക്ക് പരിശീലനം നൽകി പ്ലെയ്സ്മെന്റ് നടപടികൾ സ്വീകരിച്ചു വരുന്നു.<br>5. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) മുഖേന 60 കുട്ടികൾക്ക് മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>ഇതിനു പുറമെ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി<br>• മിൽമ മുഖേന മലപ്പുറം, എറണാകുളം, കാസർഗോഡ്, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, തിരുവനന്തപുരം, |

കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ 450 പേർക്ക് ഡയറി യൂണിറ്റുകളും മിൽമ്മ ഉല്പന്നങ്ങളുടെ വിപണനകനോപ്പികളും ആരംഭിക്കുന്നതിന് 12.24 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

- കുടുംബശ്രീ. മുഖേന പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസന പദ്ധതിയ്ക്കായി 3.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.
- മീറ്റ് പ്രോഡക്ട്സ് ഒഫ് ഇന്ത്യ ലിമിറ്റഡ് മുഖേന മോഡേൺമീറ്റ് ഷോപ്പ് സ്ഥാപിക്കുന്നതിന് 10 ഗുണഭോക്താക്കൾക്ക് 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കൂടാതെ പട്ടികവർഗ്ഗ സഹകരണ സ്വയം സഹായ സംഘങ്ങൾ വഴി സ്വയം തൊഴിൽ പരിപോഷിപ്പിക്കുന്നതിനായി ഗദ്ദിക പോലുള്ള പരിപാടികൾ നടപ്പാക്കി വരുന്നു.

വകുപ്പിന്റെ ജില്ലാ ഓഫീസുകൾ വഴി ആർട്ടിക്കിൾ 275(1), കോർപ്പസ് ഫണ്ട്, എസ്.സി.എ. ടു ടി.എസ്.പി. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ചുവടെ പറയുന്ന മേഖലകളിൽ തൊഴിൽ പരിപാടികൾ നടപ്പിലാക്കി വരുന്നു.

1. കൃഷി
2. പശു, ആട്, പന്നി, കോഴി വളർത്തൽ
3. തയ്യൽ യൂണിറ്റുകൾ
4. വയറിംഗ്
5. ഫാഷൻ ഡിസൈനിംഗ്
6. സിവിൽ, ആർക്കിടെക്ചർ, ഡ്രാഫ്റ്റിംഗ് പരിശീലനം ലാന്റ് സർവ്വേ കോഴ്സിൽ പരിശീലനം നൽകി ആധുനിക തൊഴിൽ സമ്പാദനം
7. ചെറുകിട വ്യാപാരം

| | | | |
|---|---|---|---|
| | | | 8. യന്ത്രസഹായത്തോടെ കാട് വെട്ടൽ, മരം മുറി<br>9. കുട നിർമ്മാണം<br>10. റബ്ബർ റോളർ വിതരണം<br>11. ഫോട്ടോസ്റ്റാറ്റ് മെഷീൻ<br>12. കലാട്രൂപ്പുകൾക്ക് തൊഴിൽ സംഗീത ഉപകരണങ്ങൾ<br>13. ലൈറ്റ് - ഹെവി മോട്ടോർ ഡ്രൈവിംഗ്<br>14. കയർ ഉത്പാദനം<br>15. കമ്പ്യൂട്ടർ ട്രെയിനിംഗ്<br>16. മെഴുകുതിരി നിർമ്മാണം<br>17. കരകൗശല ഉൽപ്പന്നങ്ങൾ<br>18. ഫർണിച്ചർ ഉത്പാദനം |

Hariprasad

സെക്ഷൻ ഓഫീസർ